Reg. No. : ....................................

Name : ..........................................

# FY-417

## FIRST YEAR HIGHER SECONDARY EXAMINATION, MARCH 2023

Part – III

Time : $2\frac{1}{2}$ Hours

**മലയാളം**

**(ഐച്ഛികം)**

Cool-off time : 15 Minutes

Maximum : 80 Scores

***വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :***

- 15 മിനിറ്റ് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ വായിക്കാനും ഇഷ്ടമുള്ളവ തിരഞ്ഞെടുക്കാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കാം.
- ഓരോ ചോദ്യവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ വായിച്ചു മനസ്സിലാക്കി ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

**1 മുതൽ 6 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് ഉത്തരമെഴുതുക. 2 സ്കോർ വീതം.** **(5 × 2 = 10)**

1. മാതൃസന്നിധാനത്തിൽ എന്ന പാഠഭാഗത്തിന്റെ ആഖ്യാനപരമായ രണ്ട് സവിശേഷതകൾ എഴുതുക.

   - ആത്മകഥാപരം
   - യാത്രാനുഭവത്തിന്റെ സ്വഭാവം
   - കൃത്രിമത്വം നിറഞ്ഞ ഭാഷാശൈലി

   ഭ്രമാത്മകമായ രചനാരീതി.



P.T.O.

2. മോതിരം എന്ന കഥയുടെ പ്രമേയപരമായ രണ്ട് പ്രത്യേകതകൾ എഴുതുക.

- വാർധക്യകാല പ്രണയം
- മനുഷ്യന്റെ ആഡംബരഭ്രമം
- നാഗരിക ജീവിതത്തിന്റെ പ്രതിസന്ധി
- ഏകാന്തത

3. പക്ഷിയുടെ മണം എന്ന കഥയിൽ സൂചിതമാകുന്ന രണ്ട് ഗന്ധബിംബങ്ങൾ എഴുതുക.

- പൂക്കളുടെ ഗന്ധം
- ചന്ദനത്തിരികളുടെ മണം
- പഴത്തോട്ടങ്ങളുടെ മധുരമായ മണം
- ആശുപത്രിയുടെ ഗന്ധം

4. "നിന്റെ ഇളംകടിയേറ്റ ആ പഴയ മോതിരം
ആ വിരലിൽ നിന്ന് എന്നേ വീണുപോയിരിക്കും " –
ഈ വരികളിൽ പ്രകടമാകുന്ന വാർദ്ധക്യത്തിന്റെ രണ്ട് സൂചനകൾ എഴുതുക.

- ഒറ്റപ്പെടൽ
- വൈധവ്യം
- സൗഹൃദം
- സമാധാനം

5. ബംഗാളികളുടേയും കന്നടക്കാരുടേയും തമിഴരുടേയും ശക്തമായ ഭാഷാഭിമാനത്തെ അടയാളപ്പെടുത്തുന്ന രണ്ട് ഘടകങ്ങൾ എഴുതുക.

- പാരമ്പര്യ ബോധത്തിന്റെ പലമ
- നാട്ടറിവു സംസ്കൃതി
- മാതൃഭാഷ ഉപകരണം മാത്രമാണെന്ന ചിന്ത
- മാതൃഭാഷ വിവർത്തനോപാധി മാത്രമാണെന്ന കാഴ്ചപ്പാട്.

DITTO WS

6. ചവിട്ടുകളിപ്പാട്ടിന്റെ രണ്ട് പ്രത്യേകതകൾ എഴുതുക.

മതേതരസ്വഭാവം

അനുഷ്ഠാനപരം

തനിമയാർന്ന നാടൻ ഭാഷയുടെ ഉപയോഗം

വിജ്ഞാനത്തിന് പ്രാധാന്യം.

**7 മുതൽ 10 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക. 2 സ്കോർ വീതം.** **(3 × 2 = 6)**

7. 'മാനവഹൃദയ'ത്തെ സുഗതകുമാരി 'പാവം' എന്ന് വിശേഷിപ്പിച്ചതെന്തുകൊണ്ടാവാം ?

8. വിഷ്ണുനാരായണൻ നമ്പൂതിരിയുടെ "മുഖമെവിടെ" എന്ന കവിതയിൽ മുഖമില്ലാതാകുന്ന ആളുകൾ ഏത് അവസ്ഥയെയാണ് പ്രതിനിധീകരിക്കുന്നത് ?

9. വൈജ്ഞാനികോപന്യാസം എഴുതുമ്പോൾ ശ്രദ്ധിക്കേണ്ട രണ്ട് കാര്യങ്ങൾ എഴുതുക.

10. മഴക്കാരൻ (The rain man) എന്ന സിനിമയെക്കുറിച്ചുള്ള രണ്ട് സൂചനകൾ എഴുതുക.

**11 മുതൽ 17 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 6 എണ്ണത്തിന് അരപ്പുറത്തിൽ ഉത്തരമെഴുതുക. 4 സ്കോർ വീതം.** **(6 × 4 = 24)**

11. "മേസ്തിരി ഈയിടെ മരിച്ചു
വാഴപ്പഴം തിന്നുന്ന കിളിയും
കപ്പലത്തിന്റെ കയ്യും ഓർമ്മയിലുണ്ട്"

(മേസ്തിരി)

കവിതയിലെ ഈ വരികൾ പ്രായോഗിക ജീവിതത്തിനു മേലെയാണ് ഭാവനാജീവിതം എന്ന സങ്കല്പത്തിനാണോ ഊന്നൽ നൽകുന്നത് ? അഭിപ്രായം എഴുതുക.

12. മാർഗ്ഗം കളിപ്പാട്ടിന്റെ പ്രത്യേകതകളെ ക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.

13. "നീ കാറ്റാവും, നീ മഴത്തുള്ളികളാവും

നീ മണ്ണിന്റെ തരികളാവും

നീ യായിത്തീരും ഈ ലോകത്തിന്റെ സൗന്ദര്യം"

(പക്ഷിയുടെ മണം)

മരണത്തെ ഏറ്റവും സൗന്ദര്യാത്മകമായി ആവിഷ്കരിക്കാൻ ഈ വരികൾക്ക് സാധിക്കുന്നുണ്ടോ ? അഭിപ്രായം വ്യക്തമാക്കുക.

14. രമ്യോപന്യാസം, വൈജ്ഞാനികോപന്യാസം ഇവ എന്തെന്ന് ചുരുക്കി വിവരിക്കുക.

15. മുകുന്ദന്റെ 'ഫോട്ടോ' എന്ന കഥ ഇന്നത്തെ സാമൂഹികാവസ്ഥയുമായി എത്രത്തോളം ബന്ധപ്പെട്ടിരിക്കുന്നു ? കുറിപ്പെഴുതുക.

16. "വായിന്നു വഴങ്ങിയാലും പാരമ്പര്യത്തിനിണങ്ങിയാലും വിശേഷ വ്യവഹാര പദങ്ങൾ സാമാന്യ വ്യവഹാരത്തിൽ നടപ്പായി ക്കൊള്ളണമെന്നില്ല"

(മാറുന്ന മലയാള സംസാര ഭാഷ)

വാക്കുകൾ അന്യഭാഷകളിൽ നിന്ന് നേരിട്ട് എടുക്കാതെ പുതുവാക്ക് സൃഷ്ടിക്കുന്ന പ്രവണതയുടെ പോരായ്മകളെ ക്കുറിച്ചുള്ള ലേഖകന്റെ കണ്ടെത്തലുകൾ കുറിപ്പായി എഴുതുക.

17. സച്ചിദാനന്ദന്റെ 'കോഴിപ്പങ്ക് ' എന്ന കവിതയുടെ ആസ്വാദ്യത നാടകീയതയിലാണോ ഉള്ളത് ? നിങ്ങളുടെ അഭിപ്രായം ഉദാഹരണങ്ങളിലൂടെ സമർത്ഥിക്കുക.

DITTO WS

**18 മുതൽ 21 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് അരപ്പുറത്തിൽ ഉത്തരമെഴുതുക. 6 സ്കോർ വീതം.** **(3 × 6 = 18)**

18. "ഇതോ വാർദ്ധക്യം ? ഞാൻ മറന്നു പൂക്കളെ
കിളികളെ, മണിച്ചിരികളെ
മദിച്ചിളകും പാടത്തെ യിളം നിലാവിനെ
നിലാവിനെകോരിക്കുടിച്ച പൊയ്കയെ"

വാർദ്ധക്യം – സുഗതകുമാരി

"അപ്പോൾ ഓർമ്മകൾതിങ്ങിഞെരുങ്ങിയ
ആ ചുളിവുകൾ നിവർന്നുതുടങ്ങും
അമ്മ പതുക്കെ കൈകൾനീട്ടി
നിന്നെ വീണ്ടും കുളിപ്പിച്ചുതുടങ്ങും"

അമ്മയെകുളിപ്പിക്കുമ്പോൾ – സാവിത്രി രാജീവൻ

ഓർമ്മകൾ ജീവിതത്തിൽ പ്രധാനമാണെന്ന ആശയമാണോ രണ്ട് കവിതാഭാഗങ്ങളും പങ്കുവയ്ക്കുന്നത് ? താരതമ്യം ചെയ്യുക.

19. വ്യഞ്ജനത്തെ 'മെയ്' എന്നും സ്വരത്തെ 'ഉയിർ' എന്നും പേരിടുന്നതിന്റെ ഔചിത്യം പരിശോധിക്കുക.

20. കാരൂരിന്റെ "മോതിരം" പ്രണയത്തിന്റെ അടയാളവാക്യമായി മാറുന്നുണ്ടോ ? നിങ്ങളുടേ പ്രതികരണം എഴുതുക.

21. ഓണത്തേയും കഥകളിയേയും തമ്മിൽ ബന്ധിപ്പിച്ചുകൊണ്ടുള്ള കെ സി നാരായണന്റെ നിരീക്ഷണങ്ങൾ അവതരിപ്പിക്കുക.

**താഴെകൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ച് 22 മുതൽ 24 വരെയുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക.** **(6)**

കാട്ടിലൂടെയുള്ള നടത്തം പ്രാഥമികമായി സവിശേഷമാകുന്നത് അത് അനാഗരികതയിലേയ്ക്കുള്ള സന്ദർശനമാണ് എന്നതിനാലാണ്. നിർമ്മിതിയിൽ നിന്നു പ്രകൃതിയിലേക്കുള്ള പിൻനടത്തമാണ്. പ്രകൃതിയെ അറിയുക എന്നാൽ നിർമ്മിതിയെ വിശകലനം ചെയ്യുക എന്നുകൂടി അർത്ഥമുണ്ട്. കാട്ടുനടത്തം ഓരോരോയാളിന്റേയും മനസിൽ ഉറങ്ങിക്കിടക്കുന്ന കാട്ടുവാഴ്‌വിന്റെ ഉണരൽ കൂടിയാവുന്നു. അതിനാൽ ആ നടത്തത്തിന് സാംസ്കാരികവും മനശാസ്ത്രപരവുമായ ഫലങ്ങൾ ഉണ്ട്. വനയാത്രയുടെ വിവരണങ്ങൾ സമീപകാലത്ത് ഒരു ജനപ്രിയ വായന സാമഗ്രിയാണ്. കാട്ടിൽ നടക്കുമ്പോൾ ആളുകളുടേത് ജാഗ്രതയുടെ ചുവടു വയ്പ്പുകളായിരിക്കും. തങ്ങൾക്ക് അപരിചിതമായ കാടിന്റെ അപരിമേയ സൗന്ദര്യത്തിൽ മതിമറന്നുനിൽക്കാനുള്ള കാട് "നാട്ടുകാരന് " അവ്യവസ്ഥിതമായ ഇടമാണ്. കാടിന്റെ നിയമങ്ങൾ അയാൾക്കറിയില്ല. എത്ര അറിഞ്ഞാലും അതിൽ വേണ്ടത്ര ആത്മ വിശ്വാസവുമുണ്ടാവില്ല.

22. കാട്ടിലൂടെയുള്ള നടത്തം പ്രാഥമികമായി സവിശേഷമാകുന്നതെന്തുകൊണ്ടാണ് ?

23. പ്രകൃതിയെ അറിയുക എന്നതിന്റെ മറ്റൊരു യുക്തി എന്താണ് ?

24. കാട്ടിലുടെയുള്ള നടത്തത്തിന് സാംസ്കാരികവും മനശാസ്ത്രപരവുമായ ഫലങ്ങളുണ്ടെന്ന് അഭിപ്രായപ്പെടുന്നതെന്തുകൊണ്ടാവാം ?

**25 മുതൽ 27 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരമെഴുതുക. 8 സ്കോർ വീതം.** **(2 × 8 = 16)**

25. മാതൃത്വത്തിന്റെ വ്യത്യസ്തതലങ്ങളെ വൈകാരികതയോടെ കൂട്ടിയിണക്കുന്ന കവിതയായി മാറുന്നുണ്ടോ "ബിംബിസാരന്റെ ഇടയൻ" സ്വന്തം നിരീക്ഷണങ്ങൾ ചേർത്തുവച്ച് ഉപന്യാസം തയ്യാറാക്കുക.

26. “ പറിച്ചുനടീലിൽ’ കുട്ടനാടിന്റെ ഭൂതകാലചിത്രം തകഴി വരച്ചിടുമ്പോൾ അതിലെ ഭാഷ ആ കാലഘട്ടത്തെ നമ്മുടെ കൺമുന്നിൽ കൊണ്ടുനിർത്തി അനുഭവിപ്പിക്കുന്നു.” –

മേൽ സൂചിപ്പിച്ച പ്രസ്താവനയെ മുൻനിർത്തി തകഴിയുടെ രചനാ ശൈലി വിലയിരുത്തുക.

27. വിദേശ സംസ്കാരത്തിനുനേരെ അഭിമുഖ്യം പുലർത്തുന്ന നാഗരിക ജനതയ്ക്കു നേരെ പിടിച്ച വിമർശനത്തിന്റെ കണ്ണാടിയാണോ അമേരിക്ക എന്ന കഥ ?

നിങ്ങളുടെ നിരീക്ഷണങ്ങൾ കൂടി ചേർത്ത് വച്ചു പരിശോധിക്കുക.

---